032.1M58.11 F5 BALOPADESAM NILAKANTA NAMBUDRI

032.1M58.11
F5

032:1M58:11 F5
NILAKANTA NAMBUDRI
(O.).
Balopadesam.

51122

MUL
051122

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032: IM58 : 11 F5

Accession Number 51122

Available for loan from

This book should be returned on or before the date last marked below.

# ബാലോപദേശം

Balopadesam

ബ്രഹ്മശ്രീ

ഓവങ്കര നീലകണ്ഠൻ നമ്പൂതിരി (രാജാ)

തിരുമനസ്സിലെ കൃതി

Nilakantan

പ്രസാധകൻ

പണ്ഡിതർ, കെ. പി. കൃഷ്ണപ്പുതുവൾ

K. P. Krishna Pishoral

UNIVERSITY 14 APR. 1929 MADRAS

കോട്ടയ്ക്കൽ

ലക്ഷ്മീസഹായം അച്ചുക്കൂടത്തിൽ

അച്ചടിച്ചത്

1100 / 1925

(വില അണ മൂന്ന്)

N. B. പകൎപ്പവകാശം പ്രസാധകനു മാത്രമുള്ളതും, പ്രസാധകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമായിട്ടുള്ളതും ആകുന്നു.

51122

O32, : 1M58:11

F5

UNIVERSITY MADRAS 14 APR 19

# ബാലോപദേശം

## ഒന്നാംഭാഗം

---

നിരന്തരായം നതവാഞ്ഛിതാർത്ഥം
തരന്തരംപോലെ തരുന്ന ദേവൻ
നിരന്തരം ബാലഹിതം കഥിപ്പാൻ
വരന്തരേണം വരവാരണാസ്യൻ.

നിനയ്ക്കെടോ ബാലക! നീയിദാനീം
നിനക്കു വേണ്ടുന്നതിലെന്തറിഞ്ഞു?
കനക്കുമീ മൂഢതയാമിരുട്ട-
ത്തിനിക്കഴിയ്ക്കൊല്ല മിനിട്ടുപോലും. 2

മുഖത്തു നാം കാണ്മതു രണ്ടുമല്ലാ-
തകത്തു വേറിട്ടൊരു ദൃഷ്ടിയുണ്ട്;
വികത്ഥനം ചൊല്ലുകയല്ല; നാനാ-
ജഗത്തുമൊന്നിച്ചതുകൊണ്ടു കാണാം. 3

മടിച്ചിരിക്കുന്നവനുള്ളിലക്ക-
ണ്ണടച്ചിരിയ്ക്കും മരണംവരെയ്ക്കും;
പൊടിക്കുമുത്സാഹമൊടാരു ശാസ്ത്രം
പഠിക്കുമവന്നക്കണ്ണവനേ തുറക്കൂ. 4

ചെറുപ്പമങ്ങാടിയിലില്ല, കാട്ടിൽ-
പ്പറിപ്പതിന്നും തരമുള്ളതല്ല;
ചെറുപ്പുവിട്ടിപ്പൊഴുതുള്ള ബാല്യം
നിറപ്പെടുത്തീടുക ശിക്ഷയാലേ. 5

കുരുന്നുകാലേ ഗുരുസന്നിധൌ ചെ-
ന്നിരുന്നു സിദ്ധിച്ചൊരു വിദ്യയെന്നും
ശരന്നിശാനാഥനുദിച്ചുയൎന്നു-
വരുന്നവണ്ണം വിലസീടുമേററം. 6

കായത്തിനോടൊത്തു വളൎന്ന കോപ്പും,
കായൽക്കരെക്കിട്ടിയ തെങ്ങുതോപ്പും,
ആയുസ്സുപോകുംവരെയും സമസ്ത-
ശ്രേയസ്സുമേകും മനുജന്നു നിത്യം. 7

മിടുക്കനാകും ഗുരുവിൻെറ കൈയിൽ
ക്കൊടുക്ക തന്നെപ്പരമാദരേണ,
അടിക്കും, മാട്ടും, യമദൂതനാട്യം
നടിക്കുമായാലതനുഗ്രഹം തേ. 8

ചെറുപ്പകാലങ്ങളിലഭ്യസിക്കാം
തുറപ്പു വിദ്യക്കു ഭവിക്കയില്ല;
മുറക്കു ചെയ്യും ശിശുശിക്ഷ കൂട-
പ്പിറപ്പിനെപ്പോലെ വശത്തുനിൽക്കും; 9

അരക്ഷണം വിദ്യയിലുദ്യമിക്കാ-
തിരിക്കൊലാ ബാലക! ലീലയാലെ;
ഒരിക്കലും മൎത്ത്യനു പോയ കാലം
തിരിച്ചുവന്നീടുകയില്ലയല്ലോ. 10

അനാമയം വിദ്യകളേഴുമേഴും
മനോമയപ്പെട്ടിയിലാകുവോളം,

ഘനാദരം സദ്ഗുരുവിൻെറ പാദ-
ത്തനാരതം പാർക്കുക ദീർഘജീവിൻ! 11

ഓത്തുണ്ടു നാല,ങ്ഗമൊരാറ, ധർമ്മ-
ശാസ്ത്രം, പുരാണം, ദ്വിജകർമ്മശാസ്ത്രം,
കീർത്തിപ്പെട്ടും ന്യായമഹാഗമം,—ഞാൻ
കീർത്തിച്ചതേ വിദ്യകളേഴമേഴം. 12

ഇനിക്കലാവിദ്യകളുണ്ടു വേദ-
ത്തിനൊക്കെ വേറെപ്പതിനാറുപവീതം;
മനസ്സിലാക്കീലതിലൊന്നുമെന്നാൽ
മനുഷ്യനായീലവനൊന്നുകൊണ്ടും. 13

ബലം, ബഹുപ്രാഭവ,മാഢ്യമാകും
കുലം, കുടുംബത്തിലെ മൂപ്പു, വിത്തം,
അലം വിമൂഢന്നിവ വംശഹാലാ-
ഹലങ്ങളാകുന്ന ഫലങ്ങളാലേ. 14

രാഗം തുടങ്ങിസ്സഹജങ്ങളാകും
രോഗങ്ങളാറുണ്ടൊരു ജന്തുവായാൽ;
പ്രാഗല്ഭ്യമില്ലായവയെജ്ജയിപ്പാൻ
യോഗിക്കു;—മെന്തോ കഥ മൂഢനോർത്താൽ. 15

ധനം, കുലശ്ലാഘ്യത, ദേവതാരാ-
ധനം, കനം, വിദ്യ, പുരാണപുണ്യം,
മനഃപ്രസാദം, വിനയം, വിവേകം
വിനഷ്ടമാമീവക രാഗിയായാൽ. 16

കളത്രപുത്രാദികൾമൂലമായി-
ത്തളിൎത്തിടുന്നു പുരുഷന്നു രാഗം;
വളൎത്തിയാലായതു രൌരവാഖ്യ-
കളത്തിലിട്ടായവനെക്കുഴക്കും. 17

കനത്ത രാഗച്ചുമട്ടുള്ള ലോക-
ൎക്കനൎത്ഥമല്ലാതൊരു ദിക്കിലില്ല;
നിനയ്ക്കിലീരോഗമൊഴിയ്ക്കക്കൂടി-
ത്തനിയ്ക്കഹോ! സമ്മതമാകയില്ല. 18

ശരീരനാശംവരെയും വിപത്തി-
സ്സുരാഗരിൽക്കാണ്മതു നമ്മളല്ലേ
പുരാണശാസ്ത്രങ്ങളിലുള്ളതൊന്നും
നിരാകരിയ്ക്കൊല്ല; നിരൎത്ഥമല്ല. 19

ക്രോധാഖ്യരോഗം നിജമാനസത്തിൽ-
ബ്ബാധിച്ചുപോയാലതിറങ്ങുവോളം
ബോധംവെടിഞ്ഞായവനമ്മയേയു-
മാധിപ്പെടുത്തും പ്രഹരാദിയാലെ. 20

പിടച്ചുകേറും നിജശുണ്ഠിമൂലം,
പിടിച്ചുകീറും വിലയുള്ള പട്ടും,
അടിച്ചിടും കണ്ടവരെ, ക്കരത്തിൽ-
ക്കിടച്ച പാത്രങ്ങളെറിഞ്ഞുടയ്ക്കും. 21

ശത്രുക്കളേറും ദിവസങ്ങൾതോറും,
മിത്രങ്ങളും ശത്രുവശത്തിലാകും;

അത്യന്തകോപിഷ്ഠനു തങ്കൽനിന്നും
പ്രത്യക്ഷമല്ലോ ഭുവി ശത്രുപീഡ. 22

ഒരുഗ്രരോഗത്തെ മനസ്സറിഞ്ഞു-
പരിഗ്രഹിക്കുന്നു സദാ ജനങ്ങൾ;
ധരിക്ക ലോഭാഖ്യമതുള്ള മർത്ത്യ-
ന്നൊരിക്കലും വേദന പോകയില്ല. 23

ദരിദ്രനല്ലിന്നു ദരിദ്രനോർത്താൽ,
ധരിത്രിതന്നിൽകൃപണൻ ദരിദ്രൻ.
ദരിദ്രനർത്ഥാൽധനിയായിടുന്നു;
മരിക്കുവോളം കൃപണൻ ദരിദ്രൻ. 24

ലോഭം പെരുത്തുള്ള ജനത്തിനർത്ഥ-
ലാഭങ്ങളിൽതൃപ്തി ഭവിക്കയില്ല;
സ്വാഭാവികം ലുബ്ധനഹോ! പിശാച-
സ്തോഭം മുഖത്തിൽക്കുടികൊണ്ടിരിക്കും. 25

ജനങ്ങളെക്കാണുകിലായവന്റെ
മനം കലങ്ങീടുമഹോ! നിതാന്തം,
ദിനാന്തകാലത്തു തനിച്ചു ഘോര-
വനാന്തരേ പെട്ടവനെന്നപോലെ. 26

അരാതി വന്നീടുകിലത്രയില്ല
വിരോധമാബ്ബന്ധു വരുന്നപോലെ;
നിരാധിയായ് വാഴ്വതിനായവന്നു
പുരാധികാരം വിധി നൽകിയില്ല. 27

കൊട്ടക്കയില്ലാത്തഗൃഹത്തിലുള്ളോ-
ക്കട്ടുകളവാനായവനുണ്ണുവാനും
അട്ടുക്കളക്കാരൊട്ടു "ചന്ദ്രഹാസ-
മെട്ടുകൾ"മാക്കഞ്ഞിയിൽ വാറുകണ്ടാൽ. 28

അലം ഗൃഹച്ഛിദ്രമതൊന്നുമാത്രം
ഫലം പണംകെട്ടിയകത്തു വെച്ചാൽ;
ജലം പിളൎക്കും ഗതിരോധമൂലം
ബലാൽത്തടത്തെപ്പലപാടൊലിക്കും. 29

ധനത്തിനായാത്മസുതാവരോധ-
ജനത്തെയും വിററവനൊററയാകും;
കനക്കണം പെട്ടികളെന്നിതൊന്നേ
മനക്കുരുന്നാൽക്കൃപണൻ നിനയ്ക്കൂ. 30

കുടിക്കുവാൻ കിഞ്ചന പച്ചവെള്ളം
കൊടുക്കയില്ലേതചനും പിശുക്കൻ;
പിടച്ചുകേറും വഴിപോക്കരെന്നോ-
ത്തടച്ചിരിക്കും പടിവാതിലെന്നും. 31

നൃപാലയത്തിൽക്ഖജനാവു കാക്കും
ശിപായിയെപ്പോലെ വിനിദ്രനായി
ക്ഷപാദിനം തന്നറയുമ്മറം പൃ-
ക്ഷപായഭീത്യാ മരുവും പിശുക്കൻ. 32

ജായാപിതൃഭ്രാതൃസുതാദികൾക്കും
പ്രായേണ ഭുക്തിക്കുതകാത്തവൻറ

ദായാദനായിപ്പുലരുന്നതിന്നെൻ-
മായാമയേ! സംഗതിയാക്കിടൊല്ലേ! 33

കൊടുക്കയില്ലാ, ത്മശരീരരക്ഷ-
യ്ക്കെടുക്കയില്ല, ങ്ങിനെ കെട്ടിവെക്കും;
മിടുക്കെഴും തസ്കരരെപ്പുലർത്തു-
മൊടുക്കമസ്വത്തുകളാൽപ്പിശുക്കൻ. 34

ചോരാഹൃതോച്ഛിഷ്ടമനന്തരാണാം
മാരാമയാദ്യൌഷധമായ് ഭവിക്കും;
പാരം ജരാജീർണ്ണതയാം തടുപ്പാൻ
പോരാതെയാം താനവകരത്തദാനീം. 35

പിശുക്കരാംവഞ്ചകരെന്ന നാമ-
വിശിഷ്ടരായ് ലുബ്ധർ തിരിഞ്ഞിടുന്നു;
വിശാലപാപിഷ്ഠപരേതവർഗ്ഗം
പിശാചരക്ഷസ്സുകളാംപ്രകാരം. 36

വിധാതൃസർഗ്ഗത്തിലഹോ! സമാസാ-
ദ്ദ്വിധാ ഭവിക്കുന്നിതു ലോഭവാന്മാർ;
പ്രധാനരിച്ചൊന്നവരന്യരെത്തേ
വിധാരണാത്ഥം വിവരിച്ചിടുന്നേൻ. 37

പരന്റെ ഭൂധാന്യധനാദി തന്റെ
കരസ്ഥമാക്കുന്നതിനായജസ്രം
പരം തരംനോക്കി നടന്നിടുന്നു
ധരാന്തരാളങ്ങളിലാദ്വിതീയൻ. 38

മുഞ്ഞൊന്ന ലുബ്ധന്റെ ധനം ഹരിപ്പാൻ
തഞ്ചം ദ്വിതീയന്നു ഭവിച്ചിടുന്നു,
അഞ്ചാതെ കാറേന്തിയ നീരൊഴിപ്പാൻ
ചഞ്ചന്മഹാമാരുതനെന്നപോലെ. 39

പരന്റെയാണാദ്യന്നു തന്റെ വിത്തം;
പരന്റെയാണന്യന്നു തന്റെ വിത്തം;
നിരന്തരന്മാരവരോരിടുമ്പോൾ;
ദുരന്തഭേദം ക്രിയകൊണ്ടു മാത്രം. 40

കൊടുക്കുമായാൽ കടമാക്കു;—മെന്നാ-
ലൊടുക്കലിലെല്ലാൎക്കുമവന്റെ വിത്തം:
ഒടുക്കമൊവാങ്ങിയവന്റെ പണ്ട-
മെടുക്കമെല്ലാം മുതലോടുകൂടി. 41

ഈക്ഷിച്ചു വിസ്ഥ്യാനെയറിഞ്ഞു കണ്ണേ
സൂക്ഷിച്ചു ദുൎമ്മന്ത്രമയം ജപിച്ചു്,
ദീക്ഷിച്ചിരിക്കുന്നു സദാപി കള്ള-
സ്സാക്ഷിക്കു ലുബ്ധൻ ബഹുദക്ഷിണാൎത്ഥം. 42

പൊന്മോഷണസ്ത്രീവധബാലഘാത-
ബ്രഹ്മോപഘാതാദികപാപജാലം,
ദുൎമ്മാനുഷാഗ്രേസരനാമവന്നു
സന്മാൎഗ്ഗസാധാരണമായിടുന്നു. 43

അവൻ മഹാപാതകപഞ്ചകത്തിൻ-
നിവാസഭൂമണ്ഡലമാണിദാനീം;

അവാദമാഖ്യമതരണ്ഡ്രചത്തിൽ
പ്രവാസമായാറംകള വരാ മരിച്ചാൽ. 44

കൈക്കൂലിവാങ്ങും നൃപപൂരുഷക്കു
കണ്ടാതവൻ കണ്ഠമധുരം കൊടുക്കും;
മുണ്ടാളുമാത്തെക്കർ വരുന്നനേരം
നില്ലാതെവീഴും നിരയത്തിൽ നൂനം. 45

വിമോഹമെന്നുണ്ടൊരു ചിത്തദോഷ-
സമൂഹചൂഡാമണിയാം വികാരം
അമേയശക്ത്യാ വിലസുന്നു; ഘോര-
ശ്രമാത്തി ലോകക്കുതു നൽകിടുന്നു. 46

മോഹാത്തി ചേരാത്തവനേതുമാത്മ-
സ്നേഹം ശരീരത്തിലുദിക്കയില്ല;
ദേഹം നഭോവായുജലാഗ്നിഭൂമി
വ്യൂഹം ജനിപ്പായതു മാർഗ്ഗസത്രം. 47

വിശുദ്ധമാദ്യന്തവിഹീനമാത്മാ,-
വശുദ്ധമത്യസ്ഥിരമീശ്ശരീരം,
ഭൂരം സമോഹൻ തനുവിങ്കലാത്മ-
പ്രശംസചെയ്യുന്നു സദാന്ധനായി. 48

മരിക്ക സാധാരണമാമയത്താ,-
ലൊരിക്കലും രോഗി ജനിക്കയില്ല;
ധരിക്ക മോഹാർത്തനു രോഗനാശം
വരേക്കുമല്ലോ മൃതിയും പിറപ്പും. 49

കോപാദി പതൊമ്പത്തു രോഗവും വ-
ന്നാപാദചൂഡം നിറയും വിമോഹാൽ
പ്രാപഞ്ചികന്മാരിലഹോ! വിമോഹം
പ്രാപിച്ചിടാത്തുള്ളവരില്ലതാനും. 50

മദം മഹാരോഗ,മതുള്ളവങ്കൽ-
ഗ്ഗദങ്ങൾ മറ്റഞ്ചുമുടൻ ഭവിക്കും,
സദാ മഹീശൻ മരുവുന്ന ദിക്കിൽ
തദീയരാം മന്ത്രികളെന്നപോലെ. 51

ജനാധിപത്യം, ബല,മാഭിജാത്യം,
ധനം, ധരാനായകസേവകത്വം,
അനാതുരത്വം—മനുജന്നിതെല്ലാം
മനോമദത്തിന്റെ വളങ്ങളല്ലോ. 52

ഗുണങ്ങളന്യന്നൊരു കുന്നിനേക്കാ-
ളിണങ്ങിയാലും കുരുടൻ മദാന്ധൻ;
തൃണാച്ചിട്ടും ബന്ധുഹിതം പറഞ്ഞാൽ
ഗണിയ്ക്കയില്ലാ ചെകിടൻ മദാന്ധൻ. 53

നിറഞ്ഞു കോൾകൊണ്ട മദാംബുരാശൌ
മറിഞ്ഞു വീണോരു മനുഷ്യനോർത്താൽ
അറിഞ്ഞിടാ തന്നെയുമന്യനേയും;
പറഞ്ഞുകേൾപ്പിയ്ക്കിലുമില്ല കാര്യം. 54

തനിയ്ക്കു തോന്നുന്നതു ചെയ്യു,മോത്തും,
നിനയ്ക്കുമേററം മദരോഗിയായാൽ,

കനക്കവേ വന്നൊരു സന്നിപാത-
പ്പനിക്കുമില്ലീവിധദോഷകോപം. 55

നോക്കില്ല നോക്കേണ്ടതു; ചൊല്ലിയാലും
കേൾക്കില്ല കേൾക്കേണ്ടതു തീരുമാനം,
ഓർക്കേണ്ടതോർക്കില്ല, വിനീതരോതും
വാക്കോ മടക്കാരുടെ നാട്ടിലില്ല. 56

കുതർക്കമോതും ബഹു, സജ്ജനത്തോ-
ടെതിർക്കു,മീശാദികളെദ്ദുഷിക്കും,
അതിർക്കകം വിട്ടു നടക്കമേറ-
മിതൊക്കെയല്ലോ മദമത്തചിഹ്നം. 57

വ്രജിച്ചിടും പോകരുതാത്ത ദിക്കിൽ,-
ബ്ഭുജിച്ചിടും തിന്നരുതാത്തതെല്ലാം,
ഭജിച്ചിടും ദുഷ്ടജനങ്ങളെത്താൻ,
ത്യജിച്ചിടും ജാതിമതാശ്രമങ്ങൾ. 58

ധരിക്കു മാത്സര്യമഹാഗദത്തെ-
ബ്ഭരിക്കുകിൽബ്ഭാരമതല്പമല്ല;
ഒരിക്കലും നാസ്തി സുഖപ്രസംഗം;
മരിക്കിലും മാനസതാപമാറാ. 59

ഗുണങ്ങളൊരോന്നിഹ മത്സരത്തിൻ
കണങ്ങളാണോർക്കിലപണ്ഡിതന്മാർക്കു;
ഉണങ്ങിടാ മത്സരമാകുമന്തർ-
വ്രണം മഹാത്മികതകസേവകൊണ്ടും. 60

പരം ബലംചേർന്നവനും മഹാമ-
ത്സരം ത്യജിക്കുന്നതിഹാനിബീജം;
കുരങ്ങിനോടാന പിണങ്ങിയെന്നാൽ
വരും മടക്കം വിജയത്തിനേക്കാൾ. 61

* ആസ്സാം മിഥ്യാമത്സരികൾക്കു നാശം
പാർത്താലതന്യർക്കു വരുന്നുവല്ലോ;
ആസ്ത്രീയസേർവ്യാനുപമത്സരേണ
ഹാ! സ്ത്രീജനം നിഷ്ഫലമായസംഖ്യം. 62

വരാകനെന്നോർത്തൊരു മർത്ത്യനേയും
നിരാകരിക്കൊല്ലു നിജസ്ഥിതിജ്ഞൻ;
സുരാധിപന്നും പലനാളുമോരോ
പരാജയംവന്നതു കേൾവിയില്ലേ? 63

ഒരുത്തനേററം ബലമെങ്കിൽ വേറേ
കരുത്തനുണ്ടായവനെജ്ജയിപ്പാൻ;
പെരുത്ത വമ്പാലവനെജ്ജയിപ്പാൻ
തരത്തിലും യോഗ്യർ വസിച്ചിടുന്നു. 64

* ആസ്സാംമിഥ്യാമത്സരികൾക്കു നാശം
പാർത്താലതന്യന്നു വരുന്നുവല്ലോ;
ആസ്ത്രീയസേർവ്യാനുപമത്സരത്താൽ
നാസ്തീഹ ശ്രേഷ്ഠ്യസ്ഥിലയെന്നുവന്നു.

ഇടഞ്ഞു രണ്ടാളുകൾ മത്സരിച്ചു
തുടങ്ങിയാൽപ്പക്ഷയുഗം പിടിച്ചു;

ചടങ്ങുകാട്ടുന്നതിനും ക്രിയകളും
മുടങ്ങിടാതാളുകൾ കൂടിടുന്നു. 65

തന്നിലും നാശം, നിജമിത്രനാശം,
ധനത്തിനും മത്തിനുമേറെ നാശം
കനത്തിടും മത്സരമൂലമെന്തോ
മനുഷ്യരിൽത്തുമകെടാതെയുള്ളൂ. 66

പടുത്വമേറുന്നൊരു പണ്ഡിതർക്കും
വിടുത്തുകൂടാത്ത വികാരമാറും
തടുത്തുശീലിക്കുക ബാല്യകാലേ
കടുത്തുപോയാലതുടച്ചുകൂടാ. 67

ഒന്നാംഭാഗം സമാപ്തം

---

## രണ്ടാം ഭാഗം

നിത്യം പ്രഭാതസമയത്തുണരേണം;മായു-
സ്സ്മൃത്യർത്ഥവൃദ്ധികരമാം പരമപ്രയോഗം;
അത്യന്തമായുരവനം കരണീയമാകും:
മർത്ത്യന്നു സർവ്വപുരുഷാർത്ഥമതിന്നധീനം. 1

യാമദ്വയത്തിലതിയായ സുഷുപ്തി ചിത്താ-
യാമത്തിനേറ്റമഹിതം, കഫപൂരണത്താൽ
ശ്രീമത്തപവും, ഗ്രഹണധാരണവേലയിങ്കൽ-
സ്സാമർത്ഥ്യവും കുറയുമുൾക്കഫമേറിയെന്നാൽ. 2

വല്ലാതെ ദുർജ്ജനമെഴുമന്നൊരു നാട്ടിലെങ്ങും
ചെല്ലായ്ക്ക: ദുഷ്ടതകൾ സാംക്രമികാമയങ്ങൾ;
എല്ലാ ഗുണങ്ങളെയുമായവ ദർശനത്താൽ–
ക്കൊല്ലാതിരിക്കു കുറവാണ്, വിഷൂചിപോലെ. 3

കൊല്ലായ്ക്ക നീ കൊതുവിനേയു,മൊരുത്തനോടും
ചെല്ലായ്ക്ക കൊൽവനഹ,മെന്നതു ചിന്തിയായ്ക്ക,
ചെല്ലായ്ക്ക താനസുവിയോഗസഹായനായി
നില്ലായ്ക്ക ജന്തുവിലഹിംസകനായിരിപ്പാൻ. 4

ജാത്യാ പരസ്പരവിരോധികളെന്നു ലോകേ
കീർത്ത്യാ പെടും സകലജന്തുകുലങ്ങൾ പോലും
പ്രീത്യാ സദാ മിളിതരായ് ജ്ജനനീകുമാര-
രീത്യാ ചരിച്ചിടുമഹിംസകനുള്ളദിക്കിൽ. 5

പൊയ്യോതിടാത്തവനനുഗ്രഹനിഗ്രഹങ്ങൾ
ചെയ്യാം ക്ഷണേന നിജവായിലെ നാവിനാലെ
ഇയ്യാശ്ചര്യമായ രസനാധനമാശു പൊയ്യാൽ–
ക്കയ്യാളിയായ്ക്ക ദുരിതം പെരുതാകുവാൻ നീ. 6

നേരോതിടുന്നതിനു ദുർഘടമില്ല തെല്ലും;
ഹാരോപലങ്ങളുടെ ചേർച്ച വചസ്സിനുണ്ടാം;
ഓരോ ഖലപ്പൊളിമരങ്ങൾ ജളേ ഫലിക്കും;
വേരോടെ വീഴുമവ പണ്ഡിതർ തൊട്ടുകാററാൽ. 7

മന്ത്രങ്ങളും ഗുണകലക്ഷണവും മരുന്നും
യന്ത്രങ്ങളും ഭുവി വിചിത്രഫലപ്രദങ്ങൾ

എന്തെങ്കിലും പൊളിയുരച്ചവനിപ്രയോഗ-
തന്ത്രങ്ങളാപ്പതിർവ്വിതയ്ക്കു സമം ഭവിക്കും. 8

അത്യന്തഘോരനരകത്തിലസംഖ്യകാലം
ഗത്യന്തരത്തെ മനസാപി ലഭിച്ചിടാതെ
സത്യം ത്യജിച്ചവനുഴന്നു ചിരേണ പോന്നീ-
ക്ഷിത്യന്തരേ തരുമൃഗാദികളായ് ഭവിയ്ക്കും. 9

മാന്യം വഹിച്ച പരവിത്തമെടുക്ക സാക്ഷാൽ
സ്തേയം; നിനയ്ക്കിലതു പാതകമൌലിരത്നം;
ന്യായം പിഴയ്ക്കിലതു തന്റെ ധനം കെടുത്തും,
കായം കടുപ്രചുരപീഡനപാത്രമാക്കും. 10

കക്കായ്ക മുൻമുതലിൽ വല്ലതുമുള്ളതെല്ലാം,
കക്കായ്ക ജേലർ പറയും പണിചെയ്തിരിപ്പാൻ;
മുക്കാലിടങ്ങഴിയരിക്കു വഴിപ്പണിക്കു
വിക്കായ്ക കല്പതരുവായ മനുഷ്യജന്മം. 11

മോഷ്ടിച്ചെടുത്തൊരു ധനം മദനത്തിനോടു
കൂട്ടിക്കഥിപ്പതിനു നന്നു;—തകത്തു ചെന്നാൽ
ചോട്ടിൽക്കിടപ്പതു പുറത്തു വരുംവരെയ്ക്കും
തേട്ടിച്ചൊടുക്കമതുമിങ്ങു പുറത്തു ചാടും. 12

തെക്കൻവഴിയ്ക്കു ഗതി വൈതരണീപ്രവാഹേ
ചക്രംതിരിച്ചിലഥ ശാല്മലിതാഡനങ്ങൾ
നൽക്കാമരക്രകചകൃന്തനമെന്നിതെല്ലാ-
മക്കള്ളനേററ നരകേ പുനരാപതിയ്ക്കും. 13

ആൎക്കെങ്കിലും മുതലുപോയൊരുവൎത്തമാനം
കേൾക്കുംവിധൌ കവരുവോൎക്കു ഭയം ഭവിക്കും;
നോക്കേണമന്യനു ധനം നശിയാതെ തന്നെ-
ക്കാക്കേണമെങ്കിലിഹ കള്ളനു നല്ല ജോലി. 14

അന്യൂനമായ കരണത്രയമുള്ളവൻെറ
ഹസ്തേ വരും വിവിധദിവ്യമണീസമൂഹം;
വിത്തേശനാകുവതിനീവ്രതമൊന്നു പോരും;
ചിത്തേ ഭയംകളക യാചകമോഷകാദൌ. 15

ദ്രോഹം നിനക്കരുതു ശത്രുവിലും; വിരൂക്ഷ-
വ്യാഹാരവും പരിഹരിക്ക പരൻെറനേരെ;
മോഹം പരസ്വവനിതാദിയിലേതുമാകാ;
സാഹായ്യമാതുരജനങ്ങളിലാചരിക്ക. 16

ഏറെക്കഥിക്കരുതു; വാരമിരുന്നിടുന്ന-
മാറച്ചരിക്ക കരുതിക്കുറവും വരാതെ,
മാറിക്കഥിക്കരുതൊരിക്കലുരച്ചതശ്മം
കീറിക്കുറിച്ച ലിപിയെന്നവിധം വരേണം. 17

ചെയ്യാതിരിക്കിലഘമുള്ളതു ചെയ്ക കാലേ,
ചെയ്യായ്ക ചെയ്കിലഘമുള്ള കഠോരകൎമ്മം,
അയ്യോ കുമാര! തവ പററരുതേതുമേന-
സ്സംയോഗ,മായതു രുജാകരമേതവന്നും. 18

പാപത്തിനോടലമകന്നു നടന്നിടേണം;
ശാപത്തിനും വഴിവരുത്തരുതേതവന്നും;

സാപാപത്തിലും ഭരിതനിഷ്ഠുതി ചെയ്യ; തെല്ലും
താപത്തിനേകരുതു തന്നുടെ മാനസത്തെ. 19

തന്നേ സുഖിക്കരുതു; തൻെറയവസ്ഥപോലെ
തന്നേ നടക്കണം, മതിൽക്കുറവേററമാകാ;
അന്യായമോതരുതു, ചെയ്യരുതേതു;—മെന്ന-
ല്ലന്യൻെറ കാൎയ്യമതു തന്നുടെപോലെയോൎക്ക. 20

പെണ്ണുങ്ങളോടുമയൽവാസികളായ മൎത്ത്യ-
ഷണ്ഡങ്ങളോടുമധികം ബലശാലിയോടും
പുണ്യം പുലൎന്നവരൊടും ദ്വിജരോടുമുള്ളിൽ-
ദ്വന്ദ്വം വരും മൊഴി കഥിക്കുകക്കൂടിയാകാ. 21

ശാസ്ത്രത്തിലുള്ള വിധിവിട്ടൊരു ചോറു വെപ്പാൻ
മാത്രം നിനക്കരുത,—പായമതിന്നസംഖ്യം;
ഗാത്രത്തിനാമയമലക്ഷ്മി, മരിച്ചു കാല-
സൂത്രത്തിലെപ്പൊരതിയെന്നിവ വന്നുകൂടും. 22

*ആപത്തു കാണ്കിലതിനെന്തിനു കോപിടുന്നു?
താപദ്രുമത്തിനതകൃത്രിമശസ്ത്രമല്ലോ;
വേപിക്ക ബാല! നിജസമ്പദി തത്ര നാണം
പ്രാപിച്ചിടുന്നു സുകൃതങ്ങളറിഞ്ഞിടാതെ. 23

കൎയ്യാളിയാക്ക സുകൃതം സുഖമാസ്വദിച്ചെൻ-
പയ്യാ! നിനക്ക വിഭവാദികൾ കൂടിയാലും;
മൎയ്യാദപോലവനിപാലകരംകഴിച്ചു-
ണ്ടയ്യാലൊരംശമുദിതം ദ്രവിണം സുഖാൎത്ഥം. 24

* ആപത്തലല്ലധികമാടലിനുള്ള കാലം
താപത്തിനന്നു ചിലവാണതു കാരണത്താൽ
താപം വരേണ്ടതഭിവൃദ്ധിയിലാണു; നാശം
പ്രാപിപ്പതന്നു നിജപുണ്യഗണത്തിനല്ലോ. 25

ധർമ്മത്തിനൊന്നു, നൃപനൊന്നു, യശസ്സിനൊന്നു,
ശർമ്മത്തിനൊന്നു, നിജമിത്രഗണത്തിനൊന്നു്,
ഇമ്മട്ടിലാത്മധനമഞ്ചുവകക്കിണക്കി-
ത്തിന്മപ്പെടാതെ പരിപാലയ ഷഷ്ഠഭാഗം 26

പാപങ്ങളെന്തു, പരിഹാരമതെന്തു, ശുദ്ധ-
വ്യാപാരമെന്തു,—വഴിയിലെന്തൊരു താരതമ്യം,
ആപാദചൂഡമറിയേണ്ടവയാണിതെല്ലാം;
ഹാ! പാമരന്റെ കഥയെന്തു? പരുങ്ങലല്ലേ? 27

"വായ്പ്പ" വാങ്ങരുതു;—തങ്ങിനെ വേണ്ടിവന്നാൽ
ന്യായപ്രകാരമതിനീടു കൊടുത്തിടേണം;
പ്രായേണ മോഷണമതിന്നെഴുമോമനപ്പേ-
രായേ വരൂ പണയവർജ്ജിതമാധമർണ്യം. 28

വേലയ്ക്കു കൂലി ശരിയായുതകേണ,മല്ലെ-
ന്നാലക്കടം പലിശകൂടിയസംഖ്യമാകും;
കാലക്രമാലൊരു ഫലദ്രുമമായവന്റെ
വേലിയ്ക്കകത്തമരണം കടമുള്ള കാലം. 29

ചൂതം, പിലാവു, പുളി, തെങ്ങു, കവുങ്ങിതെല്ലാം
നീതന്നെ കാങ്ക വെയിലേററ ഫലങ്ങളേകി,

സ്വാതന്ത്ര്യഹീനമൊരുവൻെറ വളപ്പിൽനിന്നീ-
യാതങ്കമേല്പതിനു ഹേതു പുരാതനന്നും. 30

കാട്ടിൽത്തിമിർത്തു വിഹരിപ്പൊരു ദന്തിരാജൻ
നാട്ടിൽപ്പെരുന്തടിവലിച്ചു വലഞ്ഞിടുന്നു;
കൂട്ടിത്തെളിപ്പതിനു കാളയിൽ മർത്ത്യർചെയ്യും
ഗോഷ്ടിത്തരമെന്തു പറയാം കടുകർമ്മപാപം. 31

അല്ലെന്നപോലെ കലി വന്നു പരക്കയാൽത്താ-
നല്ലെന്നുതന്നെ മഹനീയരുമോർത്തിടുന്നു,
പുല്ലെന്നു ദേവതരുവെക്കരുതുന്നു, വേശ്യാ-
ച്ചൊല്ലെന്നു വേദമൊഴിയേയുമറിഞ്ഞിടുന്നു. 32

നല്ലോരു മാർഗ്ഗമറിവാനയി ബാലേ! നിത്യം
സല്ലോകമെത്തു പെരുമാറുക പേടിയാതെ;
അല്ലോ ജഗത്തിലതിഘോര,മതിന്നു തേജ-
സ്സല്ലോ നമുക്കു തുണ മുള്ളിലണഞ്ഞിടായ്വാൻ. 32

ധീമാനു ലോകമഖിലക്രിയകൾക്കുമാശാ-
നാമാന്യ വാഹടനിവണ്ണമുരച്ചു സത്യം!
സാമാന്യലോകഗതി കണ്ടു നടന്നുകൊൾകെ-
ന്നാമർത്ഥമോർക്കി,ലുപദേശമിതിൽക്കഴിഞ്ഞു. 33

കണ്ണും കുരുണ്ടു, കഠിനാമയമാണ്ടു, മെയ്യിൽ-
പ്പുണ്ണും പുരണ്ടു, പുരുപൂയനിണങ്ങളാണ്ടു,
മണ്ണും പുരണ്ടു, പഥി പാന്ഥർ കൊടുപ്പതും ചേ-
ത്തുണ്ണുന്നു കർമ്മഫലമേക,—നയാളുമാശാൻ. 34

കാക്കാതെകണ്ടൊരുവനെക്കളവിൽ പിടിച്ചു
സൎക്കാരിതാ തെളിവെട്ടത്തു വിലങ്ങുപോട്ടാൻ;
സൽക്കാരമേററ പുകഴുന്നു കവൎന്ന ചോരൻ;
ദുഷ്കൎമ്മമന്യനുടെയാണു പഴിത്തിതപ്പോൾ. 35

തരുമൃഗഖഗമൎത്ത്യക്കൂട്ടവും നോട്ടമേറ-
ന്നൊരു പുരുഷനു, കൃത്യം പേശിട്ടും ദേശികന്മാർ;
നിരുപമസുഖദുഃഖാലോകനം പുണ്യപാപാ-
ചരണവിധിനിഷേധം പുഷ്ടദൃഷ്ടാന്തശിഷ്ടം. 36

വദ്ധ്യാംവല്ലിയ്ക്കുബീജം ഗുരുതരഗുരുശു-
ശ്രൂഷണം, യുക്തമായോ-
രുദ്യാനം വിപ്രവംശം, പടരുമൊരു മരം
ധീരനാം പൂരുഷേന്ദ്രൻ,
ഉദ്യോഗം ദോഹളം, നൽക്ഷമയതു സലിലം,
കീൎത്തി പുഷ്പം, ഫലം താ-
നദ്ദേശിയ്ക്കുന്നതെല്ലാം, വിനയമിഹ നികാ-
മോല്ലസൽപ്പല്ലവൌഘം. 37

രണ്ടാംഭാഗം സമാപ്തം

---

## മൂന്നാം ഭാഗം

ആചാൎയ്യനാദ്യമുരചെയ്യൊരു മാതിരിയ്ക്കു-
ങ്ങാചാമശൌചമുഖകൎമ്മമതാചരിയ്ക്കു;
നീചാശയാചരണമാതിരി കണ്ടു കണ്ടു
നീ ചാപലങ്ങൾ തുടരൊല്ലിനിയൊട്ടു ചെന്നാൽ. 1

സന്ധ്യാത്രയേ വെടിയണം ദ്വിജനൂണു,റക്കം,
ചിന്തിക്ക പാഠ,മിതരത്തൊഴിലെന്നിതെല്ലാം;
മന്ത്രോക്തകർമ്മവിധിയാൽ ദ്വിജനെ ത്രിസന്ധ്യം
ബന്ധിച്ചിരിപ്പതിഹ കാണ്ക ഗളേ ത്രിസൂത്രം. 2

നീചർക്കെഴുന്ന നിഴലേല്ക്കരുതേ,ല്ക്കിലപ്പോൾ
നീ ചെന്നു മുങ്ങുക, തദീക്ഷണമാചരിച്ചാൽ
ഹേ ചാരുശീല! മടിയാതെ പദം നനച്ചി-
ട്ടാചാമമാചര പരസ്പരമോതിയാലും. 3

പാപക്കണക്കിനവരായകലു; സമീപം
പ്രാപിക്കുകിൽക്കളിയനീചനു താരതമ്യാൽ;
ഭൂപാലശാസനകളിന്നു കുറഞ്ഞുമൂലം
മാപാപഭീതനു ഗൃഹസ്ഥിതിയും ഞെരുക്കം. 4

വൃക്ഷാദിയിൽക്കയറിടാല്ല; ചെരിപ്പു, പല്ല-
ക്കു,ക്ഷാവു, വാജി, ഗജമെന്നിവയിൽത്തഥൈവ;
സുക്ഷാളിതാംഘ്രികരനായുടനാജ്യയുക്തം
ഭിക്ഷാന്നമുണ്ടിടുക മേദ്ധ്യമയാതയാമം, 5

മാദ്ധ്യാഹ്നികം വിധി കഴിച്ചുപഭോജിതസോ-
പാദ്ധ്യായസമ്മതി ലഭിച്ചു ഭുജിച്ചുകൊൾക;
സ്വാദ്ധ്യായമായസമയം ഗുരുവിങ്കൽനിന്നും
ബോദ്ധ്യം സമസ്തനിഗമാഗമമപ്രകാരം. 6

അംബഷ്ഠ,മുള്ളി,യമരസ്സു, ചുരയ്ക്ക, കായം.
കുമ്മട്ടി, കാപ്പു, കശ്ശുവാഗ്രഫലം, കുകുഭം,

അമ്മട്ടുഴന്നു, ലൂവ, ഛായ, യമാന്തകന്റെ
നിൎമ്മാല്യമെന്നിവ ഭുജിക്കരുതുണ്ണി വൎണ്ണീ. 7

നാരായണത്രിപുരശാസനമൂലമന്ത്ര-
പാരായണം രചയ ഷൾച്ചെവി പൂകിടാതെ;
ഘോരാ ഗണേശഗിരിജാൎയ്യമഭദ്രകാളീ-
വാരാശിജാഭജനവും കഴിവുള്ളപോലെ. 8

സ്വാചാരനിഷ്ഠവെടിയാത്തയൊരിമ്മിപോലും
വാചാലനീചജനഭൎത്സനമുത്സരിപ്പാൻ;
വാചാ സരസ്വതിയെ വെന്ന ദയാഞ്ചി ശങ്ക-
രാചാൎയ്യരിട്ട വഴി വിട്ടവർ കുണ്ടിൽ വീഴും. 9

വാനത്തിലേക്കു വഴിനൽകിടുമാത്മപുണ്യം
ദാനത്തെ വാങ്ങിയുടനന്യനു വിററിടൊല്ലേ;
സ്നാനത്തിനേഴുരുളമണ്ണു കുളത്തിൽനിന്നു
താനത്ര വാങ്ങുക, പരന്റെ തടാകമെന്നാൽ. 10

മൂൎത്തിത്രയാദിനിഖിലത്രിദശപ്രസാദ-
പൂൎത്തിക്കു നന്നു പുനരാചമനം ദ്വിജാനാം;
ഓൎത്തീടിലായതു മലായനനിൎമ്മലത്വം
ചേൎത്തീടുമുൾത്തളിവുമുച്ചതരം വരുത്തും. 11

സ്നാനം സമന്ത്രമുദിയാതെഴുമൎക്കനൎഘ്യ-
ദാനം സുരൎഷിപിതൃതൎപ്പണമെന്നിതെല്ലാം
മൌനംവിടാതെ വിരചിച്ചു ജപിച്ചിനോപ-
സ്ഥാനംകഴിച്ചു സമിദാഹുതിചെയ്ക നിത്യം. 12

നക്രാദിയാമയനമാഗമപാഠകാലം,
കക്ക്യാദി വേദസമയം തടയാത്തതെല്ലാം;
പക്ഷത്തിലഷ്ടമി ചതുർദ്ദശീ വാവു പിന്നെ-
ച്ചൊൽക്കൊണ്ടിട്ടും പ്രഥമയെന്നിവ വർജ്ജിതങ്ങൾ. 13

ഓതിയ്ക്കുവൻെറ വരുതിയ്ക്കു വസിച്ചു വേദ-
മോതിപ്പഠിയ്ക്കു സകലാഗമസാരയുക്തം;
നേദിച്ചതുണ്ണരുതു;—റക്കമഹസ്സിലാകാ:
ജ്യോതിസ്മൃതിപ്രതിഭ കക്കമകാലനിദ്ര. 14

ഉല്ക്കാചലാപ്രചലനം, പടിവൂരു;മെന്ന-
ല്ലർക്കാദികഗ്രഹണമെന്നിവ വന്നുവെന്നാൽ
അക്കാലമന്നുമുതൽ മൂന്നുദിനം പഠിപ്പാ-
നൊക്കാ; വിശിഷ്ടജനമാഗതനാകിലന്നും. 15

നിസ്തന്ദ്രനായഖിലവിദ്യകളും ഗ്രഹിച്ചാൽ
വസ്ത്രം, പണം, കനകഭൂഷണമെന്നിതെല്ലാം
ചിത്താദരം ഗുരുവിനേകി നമിച്ചുടൻ ത-
ന്നുത്താലനുഗ്രഹവുമശ്രുവുമേല്ക്ക മൂർദ്ധ്നി. 16

നിശ്ശേഷദേവമയനാം ഗുരുവിൻെറ പാദ-
ശുശ്രൂഷയാൽസ്സുസുഖമാത്മതമസ്സൊഴിച്ചു
വിശ്വം ദിവാകരതലാമലകംകണക്കേ
നിശ്ശേഷനായവിരതം ഹൃദി കണ്ടുകൊൾക. 17

ചിത്തത്തിനെക്കഥമപി സ്ഥിരമാക്കിടേണം,
മത്തദ്വിപത്തെ വരഹസ്തിപനെന്നപോലെ

നിൎത്തുന്ന ദിക്കിലതു നില്ക്കണ,മല്ലയെന്നാൽ
സിദ്ധിക്കയില്ല ഗുണമേതു ബൃഹസ്പതിക്കും. 18

മ്ലേച്ഛന്റെ ചിഹ്നമഴകെന്നു വഹിച്ചിടുന്നു
സ്വേച്ഛാപ്രകാരമവനീസുരസഞ്ചയങ്ങൾ;
വേഷ്ടിക്കു മോഹമവരൊത്തു ചിലൎക്കു, ഘോരാ
ചാച്ചിക്കു മോഹമതിലപ്പുറമെന്തു വേണ്ടു. 19

ഉത്സാഹമോതിയ ചതുൎദ്ദശവിദ്യകൾക്ക-
മുത്സാഹമുള്ള ശിശുവാണധികാരശാലി
നിസ്സാരമായ നിജ(തുള്ള)ഭാഷ പഠിക്കുകൂടി-
ദ്ദുസ്സാധമാണലസനെന്നഥ ശാസ്ത്രപാഠം? 20

പൂച്ചൂട്ടും പൂമുടിക്കും പുതുമണമുളവാ-
ക്കുന്നു, കത്തിജ്ജ്വലിക്കും
തീച്ചൂടേറുള്ള വെള്ളം തൊട്ടുമവനുടെ മെ-
യ്യാശു പൊള്ളിച്ചിടുന്നു,
പേച്ചും. മാറുന്നു ദേശാന്തരമപാരതിവശാൽ
മൎത്ത്യനാത്മസ്വഭാവം
മാച്ചും സംസൎഗ്ഗശീലം വരുമിഹ കുരു ഹേ
വത്സ! സത്സംഗമം നീ. 21

മൂന്നാംഭാഗം സമാപ്തം

ശുഭമസ്തു

17 NOV 1942

MUL
051122